# സഞ്ജയന്റെ പ്രതിഷേധപ്രകടനം

സഞ്ജയൻ



സഞ്ജയന്റെ പ്രതിഷേധപ്രകടനം
സഞ്ജയൻ
(മലയാളം: ലേഖനം)

© 2021, Sanjayan.
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Shōki, a painting.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സഞ്ജയന്റെ പ്രതിഷേധപ്രകടനം

ഈ പ്രാവശ്യം തലശ്ശേരിയിൽവെച്ച് സമ്മേളിക്കുവാൻ പോകുന്ന സാഹിത്യപരിഷത്തിനെക്കുറിച്ച് പാറാലിൽക്കൂടിയ പ്രതിഷേധയോഗത്തിന്റെ റിപ്പോർട്ടും, പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള പ്രതിഷേധക്കത്തുകളും നിങ്ങളും കണ്ടിരിക്കുവാനിടയുണ്ടല്ലോ. സഞ്ജയൻ എന്താണ് ഇതിനെക്കുറിച്ച് ഒന്നും പറയാത്തതെന്ന് പലരും ചോദിക്കുന്നുണ്ട്.

"പരാ, പരാ, പരാ, പരമപുരുഷ! പരമാനന്ദമെന്നതേ പറയാവൂ" എന്നല്ലാതെ സഞ്ജയൻ എന്തു പറയുവാനാണ്!

* * *

സഞ്ജയൻ യുവാവുമല്ല, സാഹിത്യകാരനുമല്ല. പക്ഷേ, സഞ്ജയൻ പ്രസ്തുത യുവസാഹിത്യകാരന്മാരുടെ ഭാഗത്താണ്. പ്രതിഷേധയോഗങ്ങൾ കൂടിയതു് പോരെന്നാണ് സഞ്ജയന്റെ അഭിപ്രായം. പാറാലിൽ വെച്ച് ഇനി കൂടുവാൻപോകുന്ന പ്രതിഷേധയോഗത്തിൽവെച്ച് യുവസാഹിത്യകാരന്മാരോട്ട് സഞ്ജയൻ ചെയ്യുവാൻ ആഗ്രഹിക്കുന്ന താഴെ ചേർക്കുന്ന "ഭാഷണം" നല്ല സ്വരമാധുര്യവും ചൊറുചൊറുക്കുമുള്ള ഏതെങ്കിലും ഒരു യുവസാഹിത്യകാരൻ വായിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു.

* * *

മാന്യയുവസാഹിത്യകാരന്മാരേ—

ഞാനും നിങ്ങളെപ്പോലെ പരിഷത്തുകാരുടെ ബദ്ധവൈരിയാണ്. ഇതിന്നുള്ള പ്രധാനകാരണം ഞാൻ ഈയിടെ ഈ പത്രം മുഖേന പ്രദർശനസംഘാദ്ധ്യക്ഷന്ന് അടിയറവെച്ച ന്യായങ്ങളെക്കുറിച്ച് ഒരക്ഷരം അവരാരും പറയാതിരുന്നതാണ്. അതുകൊണ്ട് ഞാനും നിങ്ങളുടെ ഭാഗത്ത് ചേർന്നിരിക്കുന്നു.

* * *

നമുക്കിവരെ നല്ല ഒരു ശാർദ്ദൂലലാംഗുലംതന്നെ പിടിപ്പിക്കണം. നമ്മൾ വിചാരിച്ചാൽ എന്തു കഴിയുമെന്നൊക്കെ ഇക്കൂട്ടർ വിചാരിക്കുന്നുണ്ട്. അവർ ചെയ്ത അനീതികളെപ്പറ്റി ആലോചിക്കുവിൻ! നമ്മളെ ആരേയും അറിയിക്കാതെ, ഒരു നോട്ടീസ്സുപോലും പ്രസിദ്ധപ്പെടുത്താതെ അർദ്ധരാത്രി അട്ടപ്പാടിമലയിൽവെച്ചല്ലേ അവർ കാര്യാലോചനയോഗം കൂടിയതു്? ഇതു് ഭംഗിയായോ?

* * *

ഒരു കുറത്തിപ്പാട്ടെങ്കിലും എഴുതാത്ത ആളുകൾ എങ്ങനെയാണ് ഒരു പരിഷത്തു നടത്തുക? അങ്ങിനെയുള്ളവരെയല്ലേ ഇവർ ഭാരവാഹികളായി നിശ്ചയിച്ചതു്? നമ്മുടെ ഇടയിൽ എത്ര പത്രലേഖകന്മാരും, കിളിപ്പാട്ടു്, കൃഷ്ണപ്പാട്ടു്, താരാട്ടു്, വഞ്ചിപ്പാട്ടു്, കൈകൊട്ടിപ്പാട്ടു്, "ഗുണമേറും ഭർത്താവേ" എന്ന മട്ടു് ഇത്യാദി മട്ടുകളിൽ അനേകം ചരമങ്ങളും, വിവാഹമംഗളങ്ങളും, സഭാമംഗളങ്ങളും എഴുതി പേരെടുത്ത ചില്ലറക്കവികളും, ഭാഷകന്മാരും ഉണ്ടു്? ഇവരെയൊന്നും ഭാരവാഹികളായി തിരഞ്ഞെടുക്കുവാൻ അവരുടെ അസൂയ സമ്മതിച്ചുവോ?

സഭ നടത്തുവാൻ കെൽപ്പുള്ളവരും, ധനികന്മാരുമാണുപോലും പരിഷത്തു നടത്തേണ്ടുന്നതു്! എന്തൊരു കുയുക്തിയാണിതു്! പരിഷത്തിന്റെ സ്വീകരണസംഘാദ്ധ്യക്ഷൻ ഒരു മഹാകവിയായിരിക്കണം. കമ്മിറ്റി അദ്ധ്യക്ഷന്മാർ വലിയ പണ്ഡിതന്മാരും, രണ്ടാം ക്ലാസ്സു കവികളും, പേരെടുത്ത ഗദ്യകൃത്തുകളുമായിരിക്കണം; മറ്റംഗങ്ങൾ പത്രലേഖകന്മാർ, ചില്ലറക്കവികൾ മുതലായവർ മാത്രമേ പാടുള്ളൂ. അതുമല്ല, തുഞ്ചൻപറമ്പിലെ മണ്ണുകൊണ്ടാണ് പന്തലിന്റെ തറയുണ്ടാക്കേണ്ടതു്. അക്ഷരാഭ്യാസമില്ലാത്തവർ കൂലിക്കാരായിരിക്കുവാൻ പാടില്ല. പന്തലിന്റെ കൺട്രാക്റ്റെടുക്കുന്നതു് ഒരു ശിരോമണിയോ, അല്ലെങ്കിൽ ഒരു വിദ്വാനെങ്കിലുമോ ആയിരിക്കണം, ഇങ്ങനെയൊക്കെയാണ് ഔചിത്യം. അതില്ലാതെ വേലയ്ക്കു കൊള്ളുമെന്നും പറഞ്ഞു് ഗണപതൃഷ്ടകംകൂടി പഠിയ്ക്കാത്തവരെക്കൊണ്ടു് പന്തൽ കെട്ടിച്ചാൽ തീർച്ചയായും ഞാൻ ആ പരിഷത്തിന്നു പോവുകയില്ല. നിങ്ങളും പോവരുതു്.

* * *

ഇതിന്നൊന്നും അവർ വഴിപ്പെടുകയില്ലെങ്കിൽ നമ്മൾക്കു വേറെതന്നെ പാറാലിൽവെച്ച് ഒരു പരിഷത്തു തുടങ്ങണം. ടിക്കറ്റുവില്പന ഞാൻ ഭംഗിയായി നടത്തിക്കൊള്ളാം. നമ്മുടെ പരിഷത്തു മുഴുവൻ സാഹിത്യമയമായിരിയ്ക്കണം. പന്തൽ പ്രവൃത്തിക്കാർ തച്ചോളിപ്പാട്ടുകൾ പാടിക്കൊണ്ടു് പുര കെട്ടേണമെന്നു് തീർച്ചപ്പെടുത്തണം. രണ്ടുവരി കൃഷ്ണഗാഥയെങ്കിലും എഴുതാത്തവർ കൂലിക്കാരുടെ ഇടയിൽ പാടില്ല. പന്തൽ വിതാനിയ്ക്കുവാൻ വേണ്ടിവരുന്ന ഈന്തിൻപട്ടകൾ കൊത്തിയെടുക്കുന്ന കൊടുവാൾ ഉണ്ടാക്കിയ കൊല്ലനുകൂടി അല്പം കവിതയുടെ ഒരു "അസിഖ്യത" വേണം.

* * *

സദ്യയുടെ കാര്യവും അങ്ങനെതന്നെ. കറികൾ ചീത്തയായാലും കൊള്ളാം; പരിഷത്തിനെ സംബന്ധിക്കുന്ന സദ്യക്കു് സാഹിത്യകാരന്മാർതന്നെ വെച്ചുവിളമ്പേണ്ടതാണ്.

* * *

നമ്മുടെ പരിഷത്തിൽ മുപ്പത്തിരണ്ടു് വയസ്സിലധികം പ്രായമുള്ള ആർക്കും ഭാരവാഹിസ്ഥാനം കൊടുക്കരുതു്. വൃദ്ധസാഹിത്യകാരന്മാരെ പറ്റിക്കേണ്ടതു് അങ്ങനെയാണ്.

* * *

ഇതൊക്കെ എന്തിനാണ് ചെയ്യുന്നതെന്നു നിങ്ങൾ ചോദിക്കും. നമ്മുടെ ഉശിരും, ആണത്തവും, പ്രാപ്തിയും കാണിക്കുവാൻതന്നെ. ഉത്തര കേരളത്തിൽ വെച്ച് ആദ്യമായി നടത്തിയ സാഹിത്യപരിഷത്തിനെ എന്തുകാരണം പറഞ്ഞെങ്കിലും കശപിശയാക്കിത്തീർക്കുന്നതു നമുക്കു തീർത്താൽ തീരാത്ത യശസ്സല്ലേ? അതിന്നു മീതെ ഒരു കീർത്തിയുണ്ടോ? ഒരു പരിഷത്തിനെ തച്ചുടച്ചു താറുമാറാക്കുന്നതു ചില്ലറക്കാര്യമാണോ? നമ്മളുടെ പേർ ഇതിൽ എത്ര മോശമായാലും നമ്മൾ ഈ പരിഷത്തിനെ മുടക്കണം. അതു സാധിച്ചിട്ടില്ലെങ്കിൽ ആഭ്യന്തരകലഹങ്ങളെങ്കിലും ഉണ്ടാക്കണം. അതു് നമ്മൾ വിചാരിച്ചാൽ സാധിക്കുന്ന കാര്യമല്ലേ? എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്തുതരാം.

നിങ്ങളിൽ ചിലർ പത്രങ്ങളിൽ എഴുതിയ എഴുത്തുകൾ കണ്ടു. അയ്യോ, കുട്ടരേ, നിങ്ങൾക്കു് ഇത്രയൊക്കെ, പറയുവാനേ കഴിയുകയുള്ളൂ? നീയും എന്തെല്ലാം പറയാം? ആരെയൊക്കെ, എങ്ങനെയൊക്കെ ശകാരിക്കാം? "പത്രാധിപന്മാർ സ്വീകരിക്കണ്ടേ?" എന്നു നിങ്ങൾ ചോദിക്കും. ഇല്ലെങ്കിൽ എന്താണ്ഇ? നമ്മൾക്കു് ഈ സൽക്കാര്യം നിറവേറ്റുവാൻ അഞ്ചാറു മാസത്തേയ്ക്കു് ഒരു പത്രം തുടങ്ങിക്കൂടേ? ഇതിലും എത്രയോ ലഘുവായ മുനിസിപ്പാൽ തിരഞ്ഞെടുപ്പുകൾക്കുവേണ്ടി ചിലർ പത്രം തുടങ്ങിയ കഥ നിങ്ങൾ കേട്ടിട്ടില്ലേ.

നിങ്ങളുടെ ഭാഷകന്മാരുടെ ഇടയിൽ, തലശ്ശേരി വെച്ചുതന്നെ, പരിഷത്തു നടക്കുന്ന ദിവസം, അതേ സമയത്ത് വേറൊരു പരിഷത്തു നടത്തണമെന്നു പറഞ്ഞ ഭാഷകനെ മാത്രമേ എനിക്കു പിടിച്ചിട്ടുള്ളൂ. ആണത്തമുള്ള കുട്ടി അയാൾ മാത്രമേയുള്ളൂ. സഞ്ജയൻ അദ്ദേഹത്തിന്റെ വലംകയ്യാണ്. നിങ്ങളാരും ചേർന്നില്ലെങ്കിൽത്തന്നെ അദ്ദേഹം അദ്ധ്യക്ഷനായും സഞ്ജയൻ "ഓഡിയ"നായും ഒരു പരിഷത്ത് ഞങ്ങൾ നടത്തും. അദ്ദേഹം ഭാഷണം ചെയ്യുമ്പോൾ ഞാൻ കൈകൊട്ടും; ചിയേഴ്സ് വിളിക്കും. പിന്നീടു ഞാൻ പ്രസംഗിക്കുമ്പോൾ അദ്ദേഹം ഹസ്തതാഡനം മുഴക്കും. ഞങ്ങൾ അന്യോന്യം മാലയിട്ടുവിച്ച്, പ്രമേയങ്ങൾ അവതരിപ്പിച്ച് പാസ്സാക്കി, കൃതജ്ഞതാപ്രകടനം കഴിച്ച്, ഗൗരവമായി മടങ്ങും. ഈ എട്ടാം പേജു മുഴുവൻ ഞാൻ ഞങ്ങളുടെ പരിഷത്തിന്റെ റിപ്പോർട്ടു കൊണ്ടു നിറയ്ക്കും.

സാഹിത്യവിപ്ലവം കീ-ജെയ്!

14-10-'34

□

# സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്ന വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പൂപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതികമുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014